File No.DGE/12214/2021-NM(A2)

**'ഭരണഭാഷ – മാതൃഭാഷ'**

നം:DGE/12214/2021-NM(A2)

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : **03/11/2021**

**സർക്കുലർ**

വിഷയം:- പൊതുവിദ്യാഭ്യാസം -500 കുട്ടികളിൽ കൂടുതലുള്ള സ്കൂളുകളിൽ 2 പാചക തൊഴിലാളികളെ നിയമിക്കുന്നത് -സ്പഷ്ടീകരണം നൽകുന്നത് സംബന്ധിച്ച്

സൂചന :- സർക്കുലർ നം. എൻ.എം.എ.(1)-11038/2021/ഡി.ജി. ഇ. തിയതി 22/10/2021

*******

സ്കൂളുകളിൽ ഉച്ചഭക്ഷണം കഴിക്കുന്ന കുട്ടികളുടെ എണ്ണത്തിനനുസരിച്ചാണ് പാചകതൊഴിലാളിയെ നിയമിച്ചുവരുന്നത് . നിലവിലുള്ള ചട്ടങ്ങൾ പ്രകാരം 500 കുട്ടികൾക്ക് ഒരു പാചക തൊഴിലാളിയും 500 കുട്ടികളിൽ കൂടുതലുള്ള സ്കൂളുകളിൽ 2 പാചക തൊഴിലാളികളെയും നിയമിക്കാവുന്നതാണ്. ഇത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം 2021-22 വർഷത്തെ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് സൂചന പ്രകാരം നൽകിയിട്ടുള്ള മാർഗനിർദേശങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്.

കൊറോണ യുടെ പശ്ചാത്തലത്തിൽ നിലവിൽ ഉച്ചവരെ മാത്രമാണ് സ്കൂളുകൾ പ്രവർത്തിക്കുന്നത് കൂടാതെ സ്കൂളിൽ എത്തുന്ന കുട്ടികളുടെ എണ്ണം നിയന്ത്രിക്കുന്നതിനായി ബാച്ച് ക്രമീകരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു ക്ലാസ്സിനെ രണ്ടായി തിരിച്ച് ഒരുസമയം പകുതി എണ്ണം കുട്ടികൾ ഹാജരാകുന്ന രീതിയിലാണ് നിലവിൽ സ്കൂളുകളിൽ സംവിധാനം ഒരുക്കിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ സ്കൂളിലെ ഫീഡിംഗ് സ്ട്രെങ്ത്ത് 500 ന മുകളിൽ പോയാലും പ്രതിദിനം ഉച്ചഭക്ഷണംകഴിക്കുന്ന കുട്ടികളുടെ എണ്ണം പകുതിയോളമേ ഉണ്ടാവുകയുള്ളു. എന്നാൽ ഈ സ്ഥിതിയിലും മേൽ സൂചനയിലെ സർക്കുലറിൽ ഉൾപ്പെടുത്തിയിട്ടുള്ള പൊതു നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 2021-22 വർഷത്തിൽ ഉച്ചഭക്ഷണം കഴിക്കുന്ന കുട്ടികളുടെ ഫീഡിംഗ് സ്ട്രെങ്ത്ത് 500 ന മുകളിൽ വന്നു എന്ന കാരണത്താൽ ഒരു പാചക തൊഴിലാളിയെക്കൂടി അധികമായി പല സ്കൂളുകളും നിയമിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ , മേൽ സൂചന സർക്കുലറിൽ പാചക തൊഴിലാളികളുടെ നിയമനം സംബന്ധിച്ച് നൽകിയിരുന്ന പൊതുവായ നിർദ്ദേശം നിലവിലെ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ പരിഷ്കരിച്ചുകൊണ്ട് നിലവിൽ ഫീഡിംഗ് സ്ട്രെങ്ത്ത് 500 ന് മുകളിൽ ഉണ്ടെങ്കിലും കൊറോണ നിയന്ത്രണം ഉള്ളതുകൊണ്ട് മുഴുവൻ കുട്ടികളും ഉച്ചഭക്ഷണ പദ്ധതിയിൽ ഹാജരാകുന്നില്ല എന്നതിനാൽ നിലവിലെ സാഹചര്യത്തിൽ പുതിയ പാചക തൊഴിലാളിയെ നിയമിക്കേണ്ട ആവശ്യമില്ല എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ **സ്കൂളുകൾ പൂർണ്ണതോതിൽ പ്രവർത്തനം ആയശേഷം മാത്രം** ഫീഡിംഗ് സ്ട്രെങ്ത്ത് 500 ന മുകളിൽ ഉണ്ടാകുന്ന സ്കൂളുകളിൽ പുതുതായി രണ്ടാമതൊരു പാചക തൊഴിലാളിയെ നിയമിച്ചാൽ മതിയാകും എന്ന് അറിയിക്കുന്നു.

Signature valid
Digitally signed by ...EVAN BABU K I...
Date: 2021... 00:35:04 PDT
Reason: Approved

പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:

1. വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ
2. ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർ
3. സ്കൂൾ പ്രധാനാധ്യാപകർ ( വിദ്യാ ഓഫീസർമാർ മുഖേന)